പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 902 28.04.2017-ലെ മറുപടിക്ക്

## നിലമ്പൂർ- നഞ്ചൻകോട് റെയിൽപ്പാത നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.ഉമ്മർ | | ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) മലബാർ മേഖലയിലെ നിലമ്പൂർ- നഞ്ചൻകോട് റെയിൽപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | നിലമ്പൂർ- നഞ്ചൻകോട് റെയിൽപ്പാത നിർമ്മാണത്തിനായി ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ കേരള സർക്കാർ ചുമതലപ്പെടുത്തുകയും ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ഇത് സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മൊബിലൈസേഷൻ അഡ്വാൻസ് ആയി രണ്ടു കോടി രൂപ കോർപ്പറേഷന് സർക്കാർ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.<br>നിലമ്പൂർ - നഞ്ചൻകോട് റെയിൽവേ ലൈനിന്റെ നിർമ്മാണം സംബന്ധിച്ച് 17.03.2017-ന് കർണ്ണാടക അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനപ്രകാരം നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിവിധ തടസ്സങ്ങൾ കണക്കിലെടുത്ത് പരിസ്ഥിതി ലോല പ്രദേശങ്ങൾ, വന്യജീവി സംരക്ഷണ കേന്ദ്രം / ദേശീയ ഉദ്യാനങ്ങൾ എന്നിവ ഒഴിവാക്കി പുതിയ അലൈൻമെന്റ് തയ്യാറാക്കുന്ന കാര്യം പരിശോധിക്കണമെന്ന് തീരുമാനിച്ചിരുന്നു. ഈ കാരണത്താൽ തുക കൈമാറിയിട്ടില്ല. ഇക്കാര്യത്തിൽ കേരളത്തി |

| | | | |
|---|---|---|---|
| | | | ലേയും കർണ്ണാടകത്തിലേയും ചീഫ് സെക്രട്ടറിമാരുടെ 17.04.2017-ലെ യോഗത്തിലെ തിരുമാനത്തിനു വിധേയമായി അനന്തര നടപടികൾ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) | ആവശ്യപ്പെട്ടിരുന്നു. |
| (സി) | ആയതിന്മേൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തായിരുന്നു; വിശദമാക്കുമോ? | (സി) | കേന്ദ്ര സർക്കാരിൽ നിന്നും അനുകൂല മറുപടി ലഭിച്ചിട്ടില്ല. പരിസ്ഥിതി ലോല പ്രദേശത്തുകൂടെ കടന്നുപോകുന്ന പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിയുമോ എന്ന് പരിശോധിച്ചു വരുന്നു. |

Smitha

സെക്ഷൻ ഓഫീസർ